E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

ജി (2) 8945/2016 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 05.08.2016

# സർക്കുലർ നമ്പർ 24/2016

വിഷയം : സഹകരണവകുപ്പ് - പഴശ്ശി ചാരിറ്റബിൾ സൊസൈറ്റി - ജില്ലകളിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന - അനുവാദം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. പഴശ്ശി എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.06.2016 ലെ അപേക്ഷ.
2. **21/VIP/M/Co-op & TSM/16** നമ്പർ മേലെഴുത്ത്.
3. സർക്കാരിൽ നിന്നും ലഭിച്ച 20.07.2016 ലെ പി.എസ്.1/149/2016/സഹ. നമ്പർ കത്ത്.

.......................

വയനാട് ജില്ലയിൽ ആദിവാസികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ് 'പഴശ്ശി'. ടി സൊസൈറ്റി അവർക്ക് സ്വന്തമായിട്ടുള്ള 5 ഏക്കർ സ്ഥലത്ത് ആദിവാസികളുടെ ഉന്നമനത്തിനായി ഒരു ട്രൈബൽ വില്ലേജ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതായി സൂചന (1) പ്രകാരം അറിയിച്ചിരുന്നു. ഇതിൽ അനാഥരായ കുട്ടികൾക്കു വേണ്ടിയുള്ള ട്രൈബൽ ഹോസ്റ്റൽ, മദ്യാസക്തിക്കെതിരെ കൗൺസിലിംഗ് സെന്റർ, ആദിവാസി കലാകേന്ദ്രം, തൊഴിൽ പരിശീലന കേന്ദ്രം റീഹാബിലിറ്റേഷൻ സെന്റർ, ട്രൈബൽ ചിൽഡ്രൻസ് ഹോം, കർഷക പരിശീലന കേന്ദ്രം എന്നിവയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. ട്രൈബൽ വില്ലേജ് രൂപീകരിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കും സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകുന്നതിന് അനുമതി നൽകണമെന്നുള്ള അപേക്ഷ സൂചന (2) പ്രകാരം

ഈ ആഫീസിൽ ലഭിക്കുകയും, സൂചന (3) പ്രകാരം സർക്കാരിൽ നിന്നും അനുമതി ലഭിക്കുകയും ചെയ്തു. ടി സാഹചര്യത്തിൽ ടി സംരംഭത്തിലേക്ക് സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങൾക്കും വകുപ്പ് 56(2) (d) പ്രകാരമുള്ള തങ്ങളുടെ പൊതുനന്മ ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപാവരെയുള്ള തുക സംഭാവനയായി നൽകുന്നതിന് അനുവാദം നൽകുന്നു.

(ഒപ്പ്)

എസ്. ലളിതാംബിക ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1) ശ്രീ. സി.കെ.ശശീന്ദ്രൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, പഴശ്ശി.
2) എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ/ഡയറക്ടർ (ജനറൽ/ആഡിറ്റ്) മാർക്കും.
3) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ/ഡയറക്ടർ (ജനറൽ/ആഡിറ്റ്) മാർക്കും.
4) എല്ലാ സഹകരണ സംഘങ്ങൾക്കും, (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).
5) എഡിറ്റർ/സഹകരണ വീഥി, സഹകരണ ജേർണൽ.
6) വെബ്സൈറ്റ്.
7) സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)

SP/05.08.2016